ആശ്രയവുമായ 'ആവാസമണ്ഡലത്തെ' (ഇക്കോസ്ഫിയർ) അണുയുദ്ധം എങ്ങനെ ബാധിക്കുന്നു എന്നാണ് ആദ്യമായി നോക്കേണ്ടതു്. അണുയുദ്ധം കഴിഞ്ഞാൽ പിന്നെ ഭൂമിയിൽ ജീവിക്കാൻ പററുമോ? ഏതെങ്കിലും തരം ജീവന്റെ നിലനില്പിനു് അനുകൂലമായിരിക്കുമോ അണുയുദ്ധാനന്തര ഭൂമിയിലെ ചുററുപാടു്? കാതലായ പ്രശ്നം അതാണു്.

മുമ്പു പ്രസ്താവിച്ച 'ദി ഫെയ്ററ് ഓഫ് ദി എർത്ത്' എന്ന ഗ്രന്ഥത്തിൽ ജോനാഥൻ ഷെൽ, അനേകം പ്രാമാണികന്മാരെ ഉദ്ധരിച്ചു്, അണുയുദ്ധത്തിന്റെ അനന്തരഫലമായുണ്ടാകുന്ന വിപത്തുകൾ വിവരിച്ചിട്ടുള്ളതിന്റെ അതിഹ്രസ്വമായ ഒരു സംക്ഷേപമാണു് ഇവിടെ കൊടുത്തതു്.

ഇത്തരം കാര്യങ്ങളെപ്പററി നാം ചിന്തിച്ചുതുടങ്ങാൻ സമയം വൈകിയിരിക്കുന്നു. തുടക്കത്തിൽ ചേർത്ത ജർമൻ പത്രത്തിൽനിന്നുള്ള ഉദ്ധൃതഭാഗം നൽകുന്ന താക്കീതു് മറെറാന്നുമല്ല.

സമയം അതിവേഗത്തിൽ ഒടുങ്ങിക്കൊണ്ടിരിക്കുകയാണു്—ഭൂമിയിൽ ജീവിച്ചിരിക്കുന്ന എല്ലാ മനുഷ്യരുടെയും. ഒരുപക്ഷേ, എല്ലാ പ്രാണികളുടെയും സസ്യങ്ങളുടെയുംകൂടി, സമയം !

(26 മെയ് 1983)

# 3. അണുബോംബിന്റെ മുപ്പത്തെട്ടു വയസ്സ്

1983 ഓഗസ്റ്റ് 6—ാം തീയതി അണുബോംബ് മുപ്പത്തെട്ടാം പിറന്നാൾ ആഘോഷിക്കുന്നു. യഥാർത്ഥത്തിൽ ഈ പിറന്നാൾ ആഘോഷിക്കേണ്ടിയിരുന്നതു് ജൂലൈ 16—ാം തീയതിയാണു്. കാരണം, 1945 ജൂലൈ 16—ാം തീയതിയാണു് അമേരിക്കൻ ഐക്യനാടുകളിലെ ന്യൂ മെക്സിക്കോ സ്റ്റേററിൽ മരുഭൂമിയിലെ അലമഗാർഡോ എന്ന ചെറുനഗരത്തിൽനിന്നു് അകന്നുകിടക്കുന്ന 'ട്രിനിററി' പരീക്ഷണകേന്ദ്രത്തിൽ ആദ്യത്തെ, അണുബോംബ് പരമരഹസ്യമായി പൊട്ടിച്ചുനോക്കിയതു്. ഈ പരീക്ഷണസ്ഫോടനം തൃപ്തികരമായി കണ്ടതിനാൽ, ഇരുപതു ദിവസങ്ങൾക്കുശേഷം 1945 ഓഗസ്റ്റ് 6—ാം തീയതി രാവിലെ 8.16—നു്, ജപ്പാനിലെ ഹിരോഷിമ നഗരത്തിന്റെ മദ്ധ്യഭാഗത്തിൽനിന്നു് ആയിരത്തിത്തൊള്ളായിരം അടി ഉയരത്തിൽ ആകാശത്തിൽ അമേരിക്കൻസേന ഒരു അണുബോംബ് പൊട്ടിച്ചു. ഈ വിസ്ഫോടനവും തുടർന്നു് ഹിരോഷിമയിലുണ്ടായ അഗ്നിപ്രളയവുമാണു് അണുബോംബ് എന്ന അസുരന്റെ അവതാരത്തെപ്പററി മനുഷ്യവർഗത്തിനു് ആദ്യമായി അറിവു നൽകിയതു്.

ഹിരോഷിമയ്ക്കു മീതെ പൊട്ടിയ അണുബോംബ്, ഇന്നത്തെ നിലവാരംവച്ചു നോക്കുമ്പോൾ, വളരെ ചെറിയ ഒന്നായിരുന്നു. പന്തീരായിരത്തഞ്ഞൂറു ടൺ ടി. എൻ. ടി. യുടെ വിസ്ഫോടനശക്തി മാത്രമേ അതിനുണ്ടായിരുന്നുള്ളു. അണുഭേദനത്തിൽനിന്നാണു്, ഹൈഡ്രജൻബോംബിലെന്നപോലെ അണുസംയോജനത്തിൽനിന്നല്ല, അതിന്റെ ഊർജം ഉദ്ഭവിച്ചതു്. ഇന്നത്തെ ആയുധപ്പുരകളിൽ അതിനെ യുദ്ധരംഗത്തിൽ പ്രയോഗിക്കേണ്ട, നന്നേ ചെറിയ ഒരായുധം (ടാക്ററിക്കൽ) ആയേ പരിഗണിക്കൂ; നഗരവിധ്വംസനത്തിനുപയോഗിക്കേണ്ട ആയുധം (സ്ട്രാറെറജിക്) ആയി പരിഗണിക്കുകയില്ല.

എങ്കിലും മൂന്നു ലക്ഷത്തി നാല്പതിനായിരം ജനങ്ങൾ പാർത്തിരുന്ന ഹിരോഷിമാ നഗരത്തെ ഏതാനും സെക്കൻഡുകൾക്കകം നരകമാക്കി മാററാൻ ഈ ബോംബിനു കഴിഞ്ഞു. ബോംബ് പൊട്ടേണ്ട താമസം, നഗരമാകെ തകന്നു തരിപ്പണമായി. പൊള്ളലേററും പൊട്ടിത്തെറിയിൽപ്പെട്ടും തകർന്ന കെട്ടിടങ്ങൾക്കടിയിൽ ചതഞ്ഞരഞ്ഞും പതിനായിരക്കണക്കിനു ജനങ്ങൾ ഉടൻ പ്രാണൻ വെടിഞ്ഞു. മരിച്ചവർ ഒരു കണക്കിൽ ഭാഗ്യവാന്മാരായിരുന്നു. അത്രയും ഭാഗ്യമില്ലാതിരുന്ന പതിനായിരക്കണക്കിനു ജനങ്ങൾക്ക് എല്ലാത്തരത്തിലുമുള്ള പരുക്കകളേററു. ബോംബിന്റെ വിസ്ഫോടനത്തെത്തുടന്നുണ്ടായ രശ്മിപ്രസരണം പതിനായിരക്കണക്കിനുപേർക്ക മരണകരമായ 'രശ്മിരോഗം (റേഡിയേഷൻ സിക്നെസ്) ഉളവാക്കി.

ആകാശത്തിൽ അണുബോംബ് പൊട്ടിയതിനു നേരെ താഴത്തുള്ള നഗരമധ്യം നഷ്ടശിഷ്ടങ്ങൾ ചിതറിക്കിടക്കുന്ന, പരന്ന, മൈതാനമായി മാറി. ചുററുമുള്ള നഗരഭാഗങ്ങൾ മുഴവൻ ഇടിഞ്ഞുതകർന്നു. നഗരമധ്യത്തിൽനിന്നു് അഞ്ചു മൈൽ അകലെ നിന്നിരുന്ന മുളകൾ കരിഞ്ഞുപോയി. ഒന്നരമൈൽ ചുററളവിലുള്ള മരങ്ങളിൽ പാതിയും വീണു. പതിനേഴമൈൽ ദൂരെവരെയുള്ള കണ്ണാടിജനലുകളെല്ലാം ഉടഞ്ഞു ചിതറി.

ബോംബ് പൊട്ടി അരമണിക്കൂർ കഴിയുമ്പോഴേക്ക്, ബോംബിന്റെ 'അഗ്നിസ്പന്ദ'ത്തിൽനിന്നുളവായ തീ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളിൽ പരന്നു് ഒരു 'തീക്കൊടുങ്കാററു്' ആയി വളർന്നു. ആറു മണിക്കൂർ നേരത്തേക്ക് ഈ തീക്കൊടുങ്കാററ് ഹിരോഷിമയിലാകെ ഇരമ്പിയടിച്ചു. നിലത്തുനിന്നു വളരെ ഉയന്നാണ് ബോംബ് പൊട്ടിയതെങ്കിലും, വിസ്ഫോടനത്തിൽനിന്നു് ഉദ്ഭവിച്ച മരണച്ചാരം ഒരു 'കരിമഴ' (ബ്ലാക്ക് റെയ്ൻ) ആയി എട്ടുപത്തു മണിക്കൂറോളം നഗരത്തിന്റെ പടിഞ്ഞാറേ പകുതിയിൽ പെയ്തുകൊണ്ടിരുന്നു. അണുബോംബ് പൊട്ടുമ്പോൾ ഉളവാകുന്ന അന്തരീക്ഷസംക്ഷോഭത്തിൽനിന്നു രൂപം കൊണ്ട ഉഗ്രമായ ഒരു കൊടുങ്കാററ് ഉച്ചയ്ക്ക് നാലുമണിക്കൂർനേരം ആഞ്ഞുവീശി, തകന്ന ഹിരോഷിമനഗരത്തെ വീണ്ടും തകർത്തു.

ഉടനെയും മൂന്നു മാസത്തിനകത്തുമായി, ഒരുലക്ഷത്തി മുപ്പതിനായിരം ജനങ്ങൾ ഈ ഒരൊററ ബോംബ്‌വിസ്ഫോടനംമൂലം മരിച്ചു. ഹിരോഷിമ നഗരത്തിലെ കെട്ടിടങ്ങളിൽ അറുപത്തെട്ടു ശതമാനം പൂർണ്ണമായോ, പുനരുദ്ധരിക്കാനാകാത്തവിധത്തിലോ, തകർന്നുപോയി.

തെളിഞ്ഞ ഒരു ദിവസമായിരുന്നു ഹിരോഷിമാനഗരത്തിനു മുകളിൽ 1945 ഓഗസ്റ്റ് 6—ാം തീയതി പുലർന്നതു്. പക്ഷേ, ബോംബു പൊട്ടി ഏതാനും മിനിട്ടുകൾക്കകം പകൽ ഇരുണ്ടു. വായുവിൽ കനത്ത ധൂളിമേഘങ്ങളും പുകയും നിറയുകയാൽ കണ്ണു കാണാതായി. ഒരൊററ നിമിഷത്തിൽ ഒരു മഹാനഗരം ഇടിഞ്ഞുപൊളിഞ്ഞു വീഴുക; അതിന്റെ നഷ്ടാവശിഷ്ടങ്ങളുടെ ഇടയിലും അടിയിലും ഒരു ജനത മുഴവൻ അകപ്പെട്ടുപോവുക! ഉടൻ മരിക്കാതെ രക്ഷപ്പെട്ടവരിൽ മിക്കപേർക്കും പരുക്കകൾ പററിയിരുന്നു—പലർക്കും പൊള്ളൽ, ചിലർക്ക ചതവ്, മററു ചിലക്ക് രണ്ടുംകൂടി. വിസ്ഫോടനകേന്ദ്രത്തിൽനിന്നു് ഒരു മൈൽ ചുററളവിനകത്തു് ഉണ്ടായിരുന്നവർക്കെല്ലാം തീവ്രമായ രശ്മിപ്രസരണം, മിക്കവക്കും മാരകമായ അളവിൽ ഏററു.

പെട്ടെന്നുണ്ടായ നടുക്കത്തിൽനിന്നു ബോധം തെളിഞ്ഞു് എഴുന്നേററ ഹിരോഷിമയിലെ പൗരന്മാർ കണ്ടതു് ഒരു സെക്കൻഡ് മുമ്പ്, തെളിഞ്ഞ ഇടവെയിലിൽ, സമാധാനത്തോടെ സ്വന്തം ജോലികൾ നിർവഹിച്ചിരുന്ന നഗരത്തിന്റെ സ്ഥാനത്തു് കെട്ടിടങ്ങളുടെ നഷ്ടാവശിഷ്ടങ്ങളും ശവങ്ങളും മുറിവേററ നിസ്സഹായരും കന്നുകൂടി കുഴഞ്ഞുകിടക്കുന്നതാണ്.

അന്ന് ഒരു ബാലികയായിരുന്ന മിസ്സിസ് ഓഗസവര 'മറക്കാനാവാത്ത തീ' എന്ന പുസ്തകത്തിൽ തന്റെ അന്നത്തെ അനുഭവം ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്:

'എത്ര സെക്കൻഡോ, മിനിട്ടോ കഴിഞ്ഞുവെന്ന് എനിക്കറിഞ്ഞുകൂടാ. ബോധം തെളിഞ്ഞപ്പോൾ കണ്ടതു് മരച്ചീളുകൾക്കിടയിൽ ഞാൻ കിടക്കുന്നതാണ്. പരിഭ്രമിച്ചെഴുന്നേററു് ഞാൻ ചുററും നോക്കി; കൂരിരുട്ട്! മരണലോകത്തിൽ ഒററയ്ക്ക് അകപ്പെട്ടതായി എനിക്കു തോന്നി. ഞാൻ പേടിച്ച് അരണ്ടു. വെളിച്ചത്തിനുവേണ്ടി ഞാൻ തപ്പിനോക്കി. ബോധം കുറേക്കൂടി തെളിഞ്ഞപ്പോൾ എന്റെ ഉടുതുണിയെല്ലാം കീറിപ്പറിഞ്ഞതായും മരച്ചെരുപ്പ് തെറിച്ചുപോയതായും കണ്ടു.'

നിലവിളികളും സഹായാഭ്യർത്ഥനകളും മുഴങ്ങിക്കേട്ടു തുടങ്ങി. ഇരുട്ടിൽനിന്നു ബന്ധുക്കൾ വിളിക്കുന്നതു്, മരിക്കാതെ ശേഷിച്ചവർ കേട്ടു. മിസ്സിസ് ഓഗസവര തുടരുന്നു:

'അമ്മയ്ക്കും അനുജത്തിക്കും എന്തു പററി എന്നു ഞാൻ അമ്പരന്നു. അമ്മയ്ക്കു നാല്പത്തഞ്ചു വയസ്സായിരുന്നു; അനുജത്തിക്ക് അഞ്ചു വയസ്സും. ഇരുട്ടു നീങ്ങിത്തുടങ്ങിയപ്പോൾ, എന്റെ ചുററിലും ഒന്നുമില്ലെന്നു ഞാൻ കണ്ടറിഞ്ഞു. എന്റെ വീടും, അയൽ വീടും, അതിനടുത്ത വീടും എല്ലാം അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. എന്റെ വീടിന്റെ നഷ്ടാവശിഷ്ടങ്ങൾക്കിടയിലാണു ഞാൻ നിന്നിരുന്നതു്. അടുത്തെങ്ങും ആരുമില്ല. പൂർണനിശ്ശബ്ദത. അസാധാരണമായ ഒരു നിമിഷം! എന്റെ അമ്മ ഒരു വെള്ളത്തൊട്ടിയിൽ വീണുകിടക്കുന്നതു് കണ്ടു. അമ്മയ്ക്ക് ബോധമില്ലായിരുന്നു. 'അമ്മേ! അമ്മേ!' എന്നു വിളിച്ചു ഞാൻ അവരെ കുലുക്കിയുണർത്തി. ഉണർന്നപാടേ അമ്മ അനുജത്തിയെ വിളിച്ചു: 'ഐക്കോ! ഐക്കോ!'

'കാണാതായ ബന്ധുക്കളെ തിരയുന്നവരുടെ വിളികൾ കേട്ടുതുടങ്ങിയതു് എത്ര കഴിഞ്ഞിട്ടാണെന്നറിഞ്ഞുകൂടാ. കുട്ടികൾ അച്ഛനമ്മമാരെയും അച്ഛനമ്മമാർ കുട്ടികളെയും പേരെടുത്തു വിളിക്കുന്ന ബഹളം. ഞങ്ങൾ അനുജത്തിയെ ഉറക്കെ വിളിച്ചു. അവളുടെ ശബ്ദത്തിനു കാതോർത്തു. പെട്ടെന്ന് അമ്മ കരഞ്ഞു: 'അയ്യോ, ഐക്കോ!' അഞ്ചുമീററർ അകലെ അനുജത്തിയുടെ തല അതാ പൊന്തിവരുന്നു! അവൾ അമ്മയെ വിളിക്കുന്നു! കമ്മായവും തുണിന്റെ കഷണങ്ങളും തള്ളിമാററി ഞാനും അമ്മയും അത്യധ്വാനംചെയ്ത് അവളെ വലിച്ചെടുത്തു. അവളുടെ ശരീരമാകെ ഉരഞ്ഞു ചുവന്നിരുന്നു. രണ്ടു വിരൽ കടത്താവുന്നത്ര വലിപ്പമുള്ള ഒരു മുറിവ് അവളുടെ കൈയിൽ ഉണ്ടായിരുന്നു.'

നഗരത്തിലാകെ കുട്ടികൾ മുറിവേററ മാതാപിതാക്കളെ തേടി നടന്നു; മാതാപിതാക്കൾ മുറിവേററ കുട്ടികളെയും. മുൻപറഞ്ഞ പുസ്തകത്തിൽ കികനോ സെഗാവ എഴുതുന്നു:

'പത്തും തികഞ്ഞവളെന്നു തോന്നിച്ച ഒരു സ്ത്രീ മരിച്ചുകിടക്കുന്നു. മൂന്നു വയസ്സായ ഒരു പെൺകുട്ടി ഒരു തകരപ്പാത്രത്തിൽ കുറച്ചു വെള്ളം എവിടെനിന്നോ തേടിക്കൊണ്ടുവന്ന് അടുത്തിരുന്ന്, ആ സ്ത്രീയുടെ വായിൽ ഒഴിച്ചുകൊടുക്കുന്നു. അമ്മയ്ക്ക് ബോധം വരുത്താൻ മകൾ ശ്രമിക്കുകയാണ്?'

കിൻഡോ നിഷിദ എഴുതുന്നു:

'കഠിനമായി മുറിവേററ എന്റെ ഭാര്യയെ നഗരത്തിനു പുറത്തു കുന്നിനരുകിൽ പുഴവക്കിലേക്കു ചുമന്നുകൊണ്ടു പോകവേ, മഴയത്തു തികച്ചും നഗ്നനായ ഒരാൾ തന്റെ ഉള്ളംകൈയിൽ സ്വന്തം കണ്ണ് എടുത്തു പിടിച്ചു നിൽക്കുന്നതു കണ്ടു ഞാൻ ഞെട്ടി. അയാൾക്കു കഠിനമായ

വേദന അനുഭവപ്പെട്ടിരുന്നതായി തോന്നി. പക്ഷേ, ഞാൻ എന്തു ചെയ്യാനാണ്?'

പരിചിതമായ പരിസരം ഒരു നിമിഷത്തിൽ അപ്രത്യക്ഷമാവുക—പലരെയും നടുക്കിയതു് ഈ വസ്തുതയാണ്. ഭൂമി ആകെ ഇടിഞ്ഞു തകർന്നതുപോലെ, ലോകം അവസാനിച്ചതുപോലെ! 'ഹിരോഷിമ ഇല്ലാതായിരിക്കുന്നു' എന്നതായിരുന്നു പലരുടെയും അനുഭവം.

നഗരത്തിൽ തീ കത്തിയാളാൻ തുടങ്ങിയതോടെ മുറിവേററ കുടുംബാംഗങ്ങളെ അവരുടെ പാട്ടിനു വിട്ടു് ഓടാൻ കഴിവുള്ളവർ പുറത്തുള്ള ഗ്രാമങ്ങളിലേക്കു് ഓടാൻ തുടങ്ങി. തീക്കൊടുങ്കാററിൽ മരിക്കാതിരിക്കണമെങ്കിൽ അവർ അതു ചെയ്യേ പററൂ. തങ്ങളുടെ മക്കളെ, ഭാര്യയെ, ഭർത്താവിനെ, സുഹൃത്തിനെ, അച്ഛനെ, അമ്മയെ, തീയിൽ എരിയാൻ വിട്ടു് ഓടേണ്ടിവന്നതായിരുന്നു, പലരെയും സംബന്ധിച്ചിടത്തോളം, ഹിരോഷിമയിലെ അത്യന്തം ദാരുണമായ അനുഭവം. മികിയോ ഇനൗവേ മുമ്പു പറഞ്ഞ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു:

'പാലം കടന്നപ്പോഴാണു് ഞാൻ പ്രൊഫ. തകെനാകയെ കണ്ടതു്. പാലത്തിന്റെ ഇപ്പുറത്തു് അദ്ദേഹം നില്ക്കുന്നു. മിക്കവാറും നഗ്നൻ. മുറിക്കാലു മാത്രമുണ്ടു്. വലത്തുകൈയിൽ ഒരു ഉരുള ചോറു വെച്ചിരിക്കുന്നു. ടാം പാതകപ്പുറത്തു് നഗരത്തിന്റെ വടക്കുഭാഗത്തു മുഴുവൻ ചുവന്ന അഗ്നി! ആകാശത്തിലേക്കു കുതിച്ചുയരുന്നു ഒരു അഗ്നിസമുദ്രം!

'അന്നു് പ്രൊഫ. തകെനാക ഹിരോഷിമ യൂണിവേഴ്സിററിയിൽ പോയിരുന്നില്ല. അദ്ദേഹം വീട്ടിൽ ഇരിക്കുമ്പോഴാണു് അണുബോംബ് പൊട്ടിയതു്. വീണുപോയ ഒരു ഉത്തരത്തിനു കീഴിൽ കുടുങ്ങിയ ഭാര്യയെ രക്ഷിക്കാൻ പ്രൊഫസർ ചെയ്ത ശ്രമമെല്ലാം വിഫലമായി. തീ അടുത്തടുത്തു വന്നു. ഭാര്യ പറഞ്ഞു: 'എന്റെ പൊന്നേ, ഒന്നു്, ഓടിപ്പോയാട്ടേ!' ഭാര്യയെ അവിടെ വിട്ടു് പ്രൊഫസർ തീയിൽനിന്നു രക്ഷപ്പെട്ടു് പാലത്തിന്റെ ഇപ്പുറത്തു വന്നു നില്ക്കുകയാണു്. പക്ഷേ, ആ ചോററുരുള അദ്ദേഹത്തിന്റെ കൈയിൽ എങ്ങനെ വന്നു എന്നു് അറിഞ്ഞുകൂടാ. കൈയിൽ ഒരു ചോററുരുളയുമായി തീജ്വാലകൾക്കു മുമ്പിൽ നിൽക്കുന്ന അദ്ദേഹത്തിന്റെ നഗ്നശരീരം, മനുഷ്യവർഗത്തിന്റെ വിരളമായിക്കഴിഞ്ഞ പ്രതീക്ഷയുടെ പ്രതീകമായി എനിക്കു തോന്നി.'

മനുഷ്യരെ പരസ്പരം ഇണക്കുന്ന സ്നേഹ—ബഹുമാന—ബന്ധങ്ങളെല്ലാം ഹിരോഷിമയിലെ അഗ്നിപ്രളയത്തിൽ വെന്തെരിഞ്ഞുപോയി. ലോകത്തിൽ അന്നോളം കാണാത്ത തരത്തിലുള്ള മുറിവേററവരുടെ ഘോഷയാത്രകൾ താമസിയാതെ നഗരമദ്ധ്യത്തിൽനിന്നു പുറത്തേക്കു് ഒഴുകാൻ തുടങ്ങി. പൊള്ളലേററ മിക്കവരുടെയും തൊലി കരുവാളിക്കുകയോ, അടർന്നുപോവുകയോചെയ്തിരുന്നു. അവർ കൈകൾ മുമ്പോട്ടു നീട്ടി വളച്ചു പിടിച്ചു. ആ കൈകളിലും അവരുടെ മുഖത്തും ശരീരത്തിലും തൊലി അടർന്നു തൂങ്ങിക്കിടന്നു. നോക്കുന്നേടത്തൊക്കെ ഇത്തരം പൊള്ളലേററവർ. നടക്കുന്ന പ്രേതങ്ങൾപോലെ. ഒററ നോട്ടത്തിൽ അവരുടെ മുൻഭാഗമേതു്, പിൻഭാഗമേതു് എന്നു തിരിച്ചറിയുക വിഷമമായിരുന്നു. അവരിൽ പലരും നടക്കുന്നതിനിടയ്ക്കു വഴിയിൽ വീണു ചത്തു.

പൊള്ളലിനു പുറമേ, പലരും ഛർദിക്കുന്നുമുണ്ടായിരുന്നു. രശ്മിപ്രസരണ രോഗത്തിന്റെ പ്രാരംഭലക്ഷണമാണു് ഛർദി.

കത്തിക്കരിഞ്ഞ വൃക്ഷങ്ങൾ, കീറിപ്പറിഞ്ഞ തുണികൾ, ചില്ലുകഷണങ്ങൾ തറച്ചു സർവാംഗം ചോരയൊലിക്കുന്ന മനുഷ്യർ, ചത്തുകിടക്കുന്ന മനുഷ്യരും നായ്ക്കളും പൂച്ചകളും പശുക്കളും കുതിരകളും, ഒടിഞ്ഞു തൂങ്ങിയ ടെലിഫോൺ—ഇലക്ട്രിസിററി തൂണുകളും കമ്പികളും—ആകെ ഭ്രാന്തുപിടിപ്പിക്കുന്ന ഒരു നരകപ്രദർശനമായിരുന്നു അതു്. രക്ഷ

പ്പെട്ടവർക്കുതന്നെ ശരിയായ ബോധമോ,ജീവിതാശയോ നഷ്ടപ്പെട്ടിരുന്നു. അഗ്നിബാധയ്ക്കു ശേഷം നഗരത്തിലാകെ ഭയാനകമായ മൂകത പരന്നു. ജനങ്ങൾ ശബ്ദമുണ്ടാക്കാതെ വേദന സഹിച്ചു; മിണ്ടാതെ മരിച്ചു. നടക്കാൻ കഴിവുള്ളവർ നിശ്ശബ്ദരായി ചുററുമുള്ള ഗ്രാമങ്ങളിലേക്കു നടന്നു. 'എവിടെനിന്നു വരുന്നു?' എന്നു ചോദിച്ചാൽ അവർ കൈ പിന്നോട്ടു ചൂണ്ടി പറയും: 'അവിടെനിന്ന്.' 'എങ്ങോട്ടു പോകുന്നു?' എന്നു ചോദിച്ചാൽ അവർ മുന്നോട്ടു കൈ ചൂണ്ടും: 'അങ്ങോട്ട്.' മുമ്പിൽ നടന്ന ആളുടെ പിന്നാലെ അവർ നടന്നു. കുറേക്കൂടി നല്ല വഴി അപ്പുറത്തുണ്ടെങ്കിൽപ്പോലും അവർ ആ വഴിയിലേക്കു മാറിയില്ല. ഇച്ഛാശക്തി അവർക്കു നഷ്ടപ്പെട്ടിരുന്നു; സ്വബോധവും.

ഹിരോഷിമയിലുണ്ടായിരുന്ന ജർമ്മൻ പാതിരിമാരിൽ ചിലർ നഗരത്തിലെ അഗ്നിപ്രളയത്തിൽനിന്നു രക്ഷപ്പെട്ട് അടുത്തുള്ള ഗ്രാമത്തിലേക്കു കുതിക്കുകയായിരുന്നു. ഫാദർ ക്ളൈൻഡോർഗ് എന്ന പാതിരി ഫുകായ് എന്ന ഒരു ജപ്പാൻകാരനെ ചുമലിലേററിയിരുന്നു. തനിക്കു നഗരത്തിലേക്കു തിരികെപ്പോകണമെന്ന് ഫുകായ് കൂടെക്കൂടെ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ ഫാദർ ക്ളൈൻഡോർഗ് ഫുകായിയെ നിലത്തു വെച്ചു. ഉടൻ ഫുകായ് തിരിഞ്ഞ് ഓട്ടം. വഴിയിലുള്ള പാലത്തിൽ നിന്നിരുന്ന ഏതാനും പട്ടാളക്കാരോട്, അയാളെ തടഞ്ഞുനിർത്താൻ ഫാദർ വിളിച്ചുപറഞ്ഞു. അയാളെ പിന്തുടർന്നു തിരിഞ്ഞു നടക്കാൻ തുടങ്ങിയ ഫാദർ ക്ളൈൻഡോർഗിനെ മററു പാതിരിമാർ തടഞ്ഞു കൂട്ടിക്കൊണ്ടുപോയി. ഫുകായ് പട്ടാളക്കാരെ വെട്ടിച്ച് ഓടി, കത്തുന്ന നഗരത്തിലേക്ക് ഊളിയിടുന്നത് ഫാദർ ക്ളൈൻഡോർഗ് അകലെനിന്നു നോക്കിക്കണ്ടു.

ബോംബ് പൊട്ടിയപ്പോൾ മരിക്കാതിരുന്ന പലർക്കും ഏതാനും ആഴ്ചകൾക്കകം തൊലിയിൽ ചുവന്ന ചെറിയ പാടുകൾ കണ്ടുതുടങ്ങി. രശ്മിപ്രസരണരോഗത്തിന്റെ ലക്ഷണമായിരുന്നു ഇത്. ഛർദി, പനി, ദാഹം എന്നിവയാണു മററു ചില ലക്ഷണങ്ങൾ. പിന്നീട് ഒരാഴ്ച മുതൽ നാലാഴ്ചവരെ ഈ ലക്ഷണങ്ങൾ അപ്രത്യക്ഷമായി. രശ്മിപ്രസരണം ശരീരത്തിലെ കോശങ്ങളുടെ (സെൽ) പ്രവർത്തനത്തെ തകരാറിലാക്കുന്നു. ശരീരത്തിലെ രക്താണുക്കളെ സൃഷ്ടിക്കുന്ന അസ്ഥികളിലെ മജ്ജയുടെ കോശങ്ങളാണു കൂടുതൽ നശിപ്പിക്കപ്പെടുന്നത്. ഇതിൻഫലമായി ശ്വേതാണുക്കളും പ്ളേററ്ലെററുകളും രക്തത്തിൽ തുലോം കുറഞ്ഞുപോകുന്നു. ശരീരത്തിന്റെ രോഗപ്രതിരോധശക്തി നശിക്കുന്നു; രക്തം കട്ടയാകാൻ പ്രയാസം നേരിടുന്നു. അടുത്ത ഘട്ടത്തിൽ രോഗിയുടെ രോമങ്ങൾ കൊഴിഞ്ഞുപോകുന്നു. അയാൾക്ക് അതിസാരവും രക്തസ്രാവവും പിടിപെടുന്നു. ഹിരോഷിമയിൽ ബോംബു പൊട്ടിയത് ആകാശത്തിലായിരുന്നതിനാൽ, ജനങ്ങൾക്കു കുറഞ്ഞ അളവിലേ രശ്മിപ്രസരണം ഏററുള്ളു. അതിനാൽ, രശ്മിപ്രസരണരോഗം അവിടെ വൻതോതിൽ ഉണ്ടായില്ല.

അഗ്നിപ്രളയത്തിൽ പൊള്ളി മരിക്കാതെയും രശ്മിപ്രസരണരോഗം ബാധിക്കാതെയും രക്ഷപ്പെട്ട പല ഹിരോഷിമക്കാർക്കും പിന്നീട് ഉല്പാദനശേഷി നഷ്ടപ്പെട്ടു. കണ്ണിൽ തിമിരവും രക്താർബുദംപോലെയുള്ള രോഗങ്ങളും അവരിൽ പലരെയും ബാധിച്ചു. ബോംബു പൊട്ടുന്ന അവസരത്തിൽ ഗർഭപാത്രത്തിലിരുന്ന പല ഭ്രൂണങ്ങളും അവിടെത്തന്നെവെച്ചു മരിച്ചു. ചാവാതെ പിറന്ന കുഞ്ഞുങ്ങളിൽ പലർക്കും അംഗവൈകല്യമോ, ബുദ്ധിമാന്ദ്യമോ ഉള്ളതായി കാണപ്പെട്ടു. ഗർഭപാത്രത്തിലിരിക്കെ രശ്മിപ്രസരണമേററ നൂററുപത്തൊമ്പതു കുട്ടികളിൽ മുപ്പത്തിമൂന്നു പേർക്കു ബുദ്ധിമാന്ദ്യത്തോടൊപ്പം മൈക്രോസെഫാലി (തല അസാധാരണമാം

വിധം ചെറുതായിപ്പോവുക) എന്ന രോഗംകൂടി ഉള്ളതായി ഒരു പഠനത്തിൽനിന്നു വ്യക്തമായി.

മുപ്പത്തെട്ടു വർഷം മുമ്പ് ഹിരോഷിമയിൽ ബോംബിട്ടശേഷം, അണുബോംബിന്റെ നിർമ്മാണം, വിക്ഷേപണം എന്നീ കാര്യങ്ങളിൽ അത്ഭുതാവഹമായ 'പുരോഗതി' മനുഷ്യൻ നേടിക്കഴിഞ്ഞിട്ടുണ്ട്. ആററം ബോംബിനെ തുടർന്ന് ഹൈഡ്രജൻ ബോംബും, ന്യൂട്രോൺ ബോംബും രംഗത്തു വന്നുകഴിഞ്ഞു. അണുബോംബിന്റെ വിസ്ഫോടനശക്തി അളന്നിരുന്നതു് 'കിലോടൺ' (ആയിരം ടൺ) കണക്കിലാണ്; ഇന്നു വിസ്ഫോടനശക്തി അളക്കുന്ന യൂണിററ് 'മെഗാടൺ' (പത്തു ലക്ഷം ടൺ) ആയിരിക്കുന്നു. ഹിരോഷിമാ ബോംബിന്റെ നൂറു കോടി ആറു ലക്ഷം ഇരട്ടി വിസ്ഫോടനശക്തി മൊത്തം ഉള്ള അമ്പതിനായിരത്തോളം അണുബോംബുകൾ ഇപ്പോൾ അമേരിക്ക, റഷ്യ, ബ്രിട്ടൺ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ കൈവശമുണ്ട്. ഹിരോഷിമാ ബോംബ് ചുമന്നുകൊണ്ടുപോകാൻ വിമാനം വേണമായിരുന്നു. ഇന്നു പല വിധത്തിലുള്ള റോക്കററുകളും, കപ്പലുകളും, ടാങ്കുകളും, പീരങ്കികൾപോലും അണുബോംബുകളെ ലക്ഷ്യങ്ങളിൽ തെററാതെ വിക്ഷേപിക്കുന്നതിനു തയ്യാറാക്കപ്പെട്ടിരിക്കുന്നു.

അണുബോംബിനു മുപ്പത്തെട്ടു വയസ്സു തികയുന്ന അവസരത്തിൽ ഈ ഭയാനക സത്യങ്ങളെ കുറിച്ചു നാം ഓർക്കുന്നതു നന്ന്.

(ഈ ലേഖനത്തിലെ വസ്തുതകൾക്കു് ഞാൻ ജോനാഥൻ ഷെല്ലിന്റെ 'ദി ഫെയ്ററ് ഓഫ് ദി എർത്ത്' (1982) എന്ന പുസ്തകത്തോടു കടപ്പെട്ടിരിക്കുന്നു.)

(19 ജൂൺ, 1983)

## 4. ശീതയുദ്ധം ശക്തിപ്പെടുന്നു

1983 ഓഗസ്റ്റ് 31–ാം തീയതി രാത്രി ന്യൂയോർക്കിലെ കെന്നഡി എയർപോർട്ടിൽനിന്നു യാത്രക്കാരും ജോലിക്കാരും അടക്കം 269 ആളുകൾ കയറിയ ഒരു ജംബോജെററ് വിമാനം, ഉത്തരധ്രുവത്തിനു മുകളിലൂടെ, വടക്കെ ശാന്തസമുദ്രം വഴി, ദക്ഷിണ കൊറിയയുടെ തലസ്ഥാനമായ സിയൂളിലേക്കു യാത്രയാരംഭിച്ചു. കൊറിയാ എയർലൈൻസിന്റേതായിരുന്ന ഈ 'ബൂയിങ് 747' വിമാനത്തിൽ 76 കൊറിയക്കാരും 60 അമേരിക്കക്കാരും 28 ജപ്പാൻകാരും ഒരു ഇന്ത്യാക്കാരനും വേറെ എട്ടു രാജ്യക്കാരും യാത്രചെയ്തിരുന്നു. അമേരിക്കൻ യാത്രക്കാരുടെ കൂട്ടത്തിൽ ഒരാൾ അമേരിക്കൻ കോൺഗ്രസ്സിലെ ഒരു അംഗമായിരുന്നു. വിമാനത്തിന് പുറപ്പെട്ടപ്പോൾ യാതൊരു തകരാറും ഉണ്ടായിരുന്നില്ല. പൈലട്ട് പരിചയസമ്പന്നനായിരുന്നു.

വിമാനം അമേരിക്കയുടെ ഒരു സ്റ്റേററ് ആയ അലാസ്ക്കയിലെ ആങ്കറേജ് വിമാനത്താവളത്തിലിറങ്ങി എണ്ണ നിറച്ചു. ജാപ്പനീസ് സമയപ്രകാരം രാത്രി പതിനൊന്നുമണിക്ക് അവിടെനിന്നു പറന്നുയർന്നു. രണ്ടുമണിക്കൂർ കഴിഞ്ഞപ്പോഴേക്കും വിമാനത്തിനു വഴി തെററി. ഇടത്തോട്ട് (തെക്കോട്ടു) നീങ്ങുന്നതിനു പകരം അതു വലത്തോട്ടു (വടക്കോട്ടു) നീങ്ങി. അങ്ങനെ പുലർച്ചെ ഒരു മണിക്ക് അതു സോവ്യററ് യൂണിയന്റെ വക കംചട്ക ഉപദ്വീപിന്റെ മുകളിലൂടെ പറക്കാൻ തുടങ്ങി. ഈ ഉപദ്വീപിൽ ആണ് സോവ്യററ് യൂണിയന്റെ യുദ്ധക്കപ്പലുകള